# ഇ.സി കുഞ്ഞിമുഹമ്മദ്



**കൂ**ട്ടിലങ്ങാടിയിലെ ആദ്യകാല ജമാഅത്ത് പ്രവർത്തകരിൽ ഒരാളും ജമാഅത്ത് അംഗവുമായിരുന്നു ഇ.സി കുഞ്ഞിമുഹമ്മദ്.

കേരളത്തിൽ ഇസ്‌ലാമിക പ്രസ്ഥാനം രൂപപ്പെട്ടുവന്ന ആദ്യ ഘട്ടത്തിൽ ഹാജിസാഹിബ് കെ. മൊയ്തുമൗലവി, വി.കെ ഇസ്സുദ്ദീൻ മൗലവി, കെ.പി.കെ അഹ്മദ് മൗലവി, കെ. അബ്ദുസ്സലാം മൗലവി തുടങ്ങിയവർ കൂട്ടിലങ്ങാടി സന്ദർശിക്കുകയും ക്ലാസുകളും പ്രഭാഷണങ്ങളും നടത്തുകയും ചെയ്യാറുണ്ടായിരുന്നു. ഈ സന്ദർശന പരിപാടികളിലൂടെയാണ് കമ്യൂണിസ്റ്റ് ആശയങ്ങളോട് അനുഭാവം പുലർത്തിയിരുന്ന ബീഡിതെറുപ്പ് തൊഴിലാളിയായ ഇ.സി ഇസ്‌ലാമിക പ്രസ്ഥാനത്തിൽ ആകൃഷ്ടനായത്. പ്രസ്ഥാന ഘടനയിൽ വന്നതോടെ തനിക്ക് ജന്മസിദ്ധമായി ലഭിച്ച വീറും വാശിയും വിപ്ലവബോധവും പ്രസ്ഥാന വിജയത്തിനായി സമർപ്പിക്കാൻ ഇ.സി മുന്നോട്ടു വന്നു. തികഞ്ഞ യാഥാസ്ഥിതിക മഹല്ലിൽ കഴിയവെ തന്റെ മൂത്ത പുത്രിയുടെ (ഇപ്പോൾ ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര പ്രതിനിധിസഭാംഗമായ ഇ.സി ആഇശ) വിവാഹകർമത്തിന് നേതൃത്വം വഹിക്കാനും ഖുത്ബ നിർവഹിക്കാനും കെ. അബ്ദുസ്സലാം മൗലവിയെ ഏൽപിക്കാൻ അദ്ദേഹം ധൈര്യം കാണിച്ചു. തുടർന്ന് മഹല്ലിനെ ധിക്കരിച്ചു എന്ന പേരിൽ മഹല്ല് കാരണവന്മാരും പുരോഹിതന്മാരും ചേർന്നുണ്ടാക്കിയ പുകിൽ ചില്ലറയായിരുന്നില്ല.

ബീഡിതെറുപ്പ് ജോലിയിൽനിന്ന് പതുക്കെപ്പതുക്കെ കരാർ പണികളിലേക്കും തുടർന്ന് പി.ഡബ്ലിയു.ഡി കോൺട്രാക്ട് ജോലിയിലേക്കും മാറിയതോടെ സാമാന്യം ഭേദപ്പെട്ട സാമ്പത്തിക നില കൈവന്നു. സാമ്പത്തിക സ്ഥിതിയും സ്വാധീനവും പ്രസ്ഥാനമാർഗത്തിൽ വ്യയം ചെയ്യുന്നതിൽ അദ്ദേഹം ദത്തശ്രദ്ധനായി.

1969-ൽ, യുവാക്കളെ പ്രസ്ഥാനവുമായി അടുപ്പിക്കാനുള്ള ഒരു വേദി എന്ന നിലക്ക് 'കൂട്ടിലങ്ങാടി മുസ്‌ലിം യുവജന സംഘം' രൂപവത്കരിച്ചപ്പോഴും പിന്നീട് എഴുപതുകളുടെ ആദ്യത്തിൽ ഐ.എസ്.എൽ ഉണ്ടായ സന്ദർഭത്തിലും എൺപതുകളിൽ എസ്.ഐ.ഒ നിലവിൽ വന്നപ്പോഴും അവയെ സാമ്പത്തികമായും മറ്റും സഹായിക്കുന്നതിൽ അദ്ദേഹം ആവേശം കാണിച്ചു.

പെരിന്തൽമണ്ണ ഇസ്‌ലാമിക മിഷൻ ട്രസ്റ്റ്, മലപ്പുറം ഫലാഹിയാ അസോസിയേഷൻ എന്നിവയിൽ അംഗമായിരുന്ന ഇ.സി ആരോഗ്യമനുവദിക്കുന്ന കാലമത്രയും അവയുടെ യോഗങ്ങളിൽ മുടക്കം വരുത്താതെ പങ്കെടുത്തിരുന്നു. കൂട്ടിലങ്ങാടി തർബിയത്തുൽ ഇസ്‌ലാം ട്രസ്റ്റ്, അൻസാറുൽ ഇസ്‌ലാം മദ്റസ, മസ്ജിദുൽ ഹുദാ തുടങ്ങിയവയുടെ സംസ്ഥാപനത്തിലും നടത്തിപ്പിലും അദ്ദേഹത്തിന്റെ പങ്ക് അവിസ്മരണീയമാണ്. 1975ലെ അടിയന്തരാവസ്ഥയിൽ ഇസ്‌ലാമിക പ്രസ്ഥാനം നിരോധിക്കപ്പെടുകയും പ്രസ്ഥാന നേതാക്കളും പ്രവർത്തകരും ജയിലിലടക്കപ്പെടുകയും ചെയ്ത സന്ദർഭത്തിൽ, അന്ന് ജയിലിലടക്കപ്പെട്ടവർക്ക് ജയിലിൽ പ്രാഥമിക സൗകര്യങ്ങൾ ഉറപ്പ് വരുത്താനും അവരുടെ കുടുംബങ്ങളെ ആശ്വസിപ്പിക്കാനും ഒപ്പം പുറത്തുള്ള പ്രവർത്തകരുടെ പരസ്പര ബന്ധങ്ങൾ ഊട്ടിയുറപ്പിക്കാനും സാധ്യമായതൊക്കെ അദ്ദേഹം ചെയ്തു. 1975 ലെ അടിയന്തരാവസ്ഥയിൽ കൂട്ടിലങ്ങാടിയിലെ പ്രസ്ഥാന പ്രവർത്തകർ സോഷ്യൽ ലൈബ്രറി എന്ന പേരിൽ ഒരു ലൈബ്രറിക്ക് രൂപം നൽകി. യുവാക്കളെ ഇസ്‌ലാമിക മാർഗത്തിൽ ഉറപ്പിച്ച് നിർത്താനുള്ള ശ്രമത്തിന്റെ ഭാഗമായിരുന്നു അത്.

ഇ.സി വിദ്യാസമ്പന്നനോ സാഹിത്യകാരനോ ഒന്നുമായിരുന്നില്ല. പ്രാഥമിക വിദ്യാഭ്യാസം മാത്രമുള്ള ഒരു സാധാരണക്കാരൻ. പക്ഷേ, അദ്ദേഹത്തിന്റെ ഉള്ളിൽ ഒരു കലാഹൃദയം കുടികൊള്ളുന്നുണ്ടായിരുന്നു. 'കൂട്ടിലങ്ങാടി മുസ്‌ലിം യുവജനസംഘ'ത്തിന്റെ അർധവാർഷിക സമ്മേളനത്തിന്റെ ഒരുക്കങ്ങൾ നടക്കുന്ന ഘട്ടത്തിൽ ഈയുള്ളവനെ വിളിച്ച് ഇ.സി സ്വന്തം കൈപടയിൽ കുത്തിക്കുറിച്ച നാലഞ്ച് പേജ് വരുന്ന ഒരു സ്ക്രിപ്റ്റ് കാണിച്ചു തന്നു. 'മരണഗോഷ്ടിയിലെ ചിന്തകൾ' എന്നായിരുന്നു തലക്കെട്ട്. ചില കൈക്രിയകൾക്ക് ശേഷം ഞങ്ങളത് അതേപേരിൽ ചിത്രീകരണമായി സ്റ്റേജിലവതരിപ്പിച്ചപ്പോൾ വികാരോജ്വലമായ കലാസൃഷ്ടിയായി അത് രൂപാന്തരപ്പെട്ടു.

അല്ലാഹു പരേതനെ മഗ്ഫിറത്തും മർഹമത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ.

■

**സി.എച്ച് അബ്ദുൽഖാദിർ**
**മുണ്ടുപറമ്പ് മലപ്പുറം**